നം. സി.ഇ.ഇ/2424/09/KEAM2010/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**പത്രക്കുറിപ്പ്**

# കേരള എൻജിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് സമർപ്പിച്ച വരുമാന സർട്ടിഫിക്കറ്റ് സംബന്ധിച്ച അറിയിപ്പ്

2010 ലെ എൻജിനീയറിംഗ്/മെഡിക്കൽ പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ വിവിധ വരുമാന സർട്ടിഫിക്കറ്റ്/ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചിട്ടുള്ളവരുടെ വിശദാംശങ്ങൾ 01.04.2008 ൽ റവന്യൂ വകുപ്പ് പുറത്തിറക്കിയ സർക്കാർ ഉത്തരവ് നം. (ആർ.റ്റി.)1227/08 ന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **cee-kerala.org** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രോസ്പെക്ടസ് 5.4.2(d) പ്രകാരം അപേക്ഷാർത്ഥികളുടെ പേര്, മേൽവിലാസം, വാർഷിക വരുമാനം, ജാതി എന്നീ വിവരങ്ങൾ റവന്യൂ വില്ലേജ്/താലൂക്ക്/ജില്ല തിരിച്ചാണ് നൽകിയിട്ടുള്ളത്. പ്രസിദ്ധീകരിക്കുന്ന വിവരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ, **20.05.2010** നു മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

ഇത് സംബന്ധമായി ലഭിക്കുന്ന പരാതികൾ, പ്രവേശന പരീക്ഷാ കമ്മീഷണർ ചെയർമാനും കൺവീനറുമായ സംസ്ഥാനതല അപ്പെക്സ് കമ്മിറ്റി പരിശോധിക്കുന്നതാണ്. റവന്യൂ വകുപ്പ് നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡിഷണൽ/ഡെപ്യൂട്ടി/അസിസ്റ്റന്റ് കമ്മീഷണറും, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ/ജോയിന്റ് ഡയറക്ടറും സംസ്ഥാനതല കമ്മിറ്റിയിലെ അംഗങ്ങളായിരിക്കും.

ജില്ലാ കളക്ടർ ചെയർമാനും, ഡെപ്യൂട്ടി കളക്ടർ (ജനറൽ) കൺവീനറും, താലൂക്ക് തഹസീൽദാർമാർ അംഗങ്ങളുമായ ജില്ലാതല കമ്മിറ്റി, സംസ്ഥാനതല കമ്മിറ്റി കൈമാറുന്ന പരാതികൾ പരിശോധിക്കുന്നതും വാർഷിക കുടുംബവരുമാനത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള തീരുമാനം സംസ്ഥാനതല കമ്മിറ്റിയെ അറിയിക്കുന്നതുമാണ്. സംസ്ഥാനതല കമ്മിറ്റി, പ്രോസ്പെക്ടസ് വ്യവസ്ഥ 5.4.2(e) പ്രകാരം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത വ്യവസ്ഥ പ്രകാരം തെറ്റായ വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷാർത്ഥി നേടുന്ന അലോട്ട്മെന്റ്/അഡ്മിഷൻ റദ്ദാക്കാവുന്നതും അടുത്ത രണ്ട് വർഷത്തേയ്ക്ക് വിദ്യാർത്ഥിയെ പ്രവേശന പരീക്ഷ എഴുതുന്നതിൽ നിന്നും വിലക്ക് ഏർപ്പെടുത്താവുന്നതുമാണ്.

തിരുവനന്തപുരം

26.04.2010

**പ്രവേശന പരീക്ഷാ കമ്മീഷണർ**